**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 280** **04-08-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ രംഗത്ത് സോഷ്യൽ ഓഡിറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. പ്രഭാകരൻ | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയിൽ കൂടുതൽ സുതാര്യതയും വിശ്വാസ്യതയും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യമാക്കുന്നതിനും വിശ്വാസ്യത ഉറപ്പ വരുത്തുന്നതിനും ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന താഴെപ്പറയുന്ന എല്ലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലെയും റേഷൻ സാധനങ്ങളുടെ വിതരണം ഇ-പോസ് മെഷീൻ മുഖേനയാക്കി. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം നടത്തി വരുന്നു. നേരിട്ടു റേഷൻ വാങ്ങാൻ പോകാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്കു വേണ്ടി പ്രസ്തുത എ.ആർ.ഡിയുടെ പരിധിയിലുള്ള മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുവാൻ സാധിക്കും. രാജ്യത്തുടനീളം ഒരു റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങാവുന്ന വിധം IMPDS(Integrated Management Public Distribution System) മുഖേന One Nation One Ration Card നടപ്പാക്കി. സംസ്ഥാനതല വിജിലൻസ് കമ്മിറ്റി രൂപീകരിച്ചു. ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികളിലേക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനും കമ്മിറ്റികൾ പ്രവർത്തനമാരംഭിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്മാരെ നിയോഗിച്ചു. |

| | | | |
|---|---|---|---|
| | | | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North) ന്റെ പരിധിയിലുള്ള 04 റേഷൻ കടകളിൽ നടത്തി. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനായി 'സഞ്ചരിക്കുന്ന റേഷൻകട' എന്ന പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിച്ചു. കൂടാതെ മറ്റു ജില്ലകളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോട് കൂടിയുള്ള 'വിശപ്പ് രഹിത കേരളം' എന്ന പദ്ധതി ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. 'വിശപ്പ് രഹിത കേരളം-സുഭിക്ഷ' പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ നിലവിൽ ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതിപരിഹാര സംവിധാന (Public Grievance Redressal Portal) ത്തിന്റെ പ്രവർത്തനം ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന സംവിധാനം പ്രവർത്തിച്ചു വരുന്നു. കോവിഡിന്റെ സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സ്ക്വാഡുകൾ രൂപീകരിച്ച് പി.പി.ഇ കിറ്റ്, സാനിറ്റൈസർ, മാസ്ക് തുടങ്ങിയവയുടെ പൂഴ്ത്തിവയ്പും അമിതവിലയും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-പോസ് മെഷീൻ വെയിംഗ് ബാലൻസുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | റേഷൻ സാധനങ്ങളുടെ തിരിമറി, പൂഴ്ത്തിവയ്പ്, കരിഞ്ചന്ത എന്നിവ തടയുന്നതിന് എന്തെല്ലാം പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന പ്രകാരം ഓൺലൈൻ പരാതിപരിഹാര സംവിധാനം (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു |

| | | | |
|---|---|---|---|
| | | | പരിശോധന സംവിധാനം രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് മന്ത്രിയുമായി സംവദിക്കുവാൻ എല്ലാ മാസത്തിലെയും ആദ്യ വെള്ളിയാഴ്ച ഫോൺ ഇൻ പരിപാടി നടത്തുന്നു. പൊതുവിതരണ മേഖലയെ അഴിമതി മുക്തമാക്കുന്നതിന് ശക്തമായ ഒരു പരിശോധന സംവിധാനം ഉണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമെ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ), ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്. ഇപ്രകാരം നിരന്തരം പരിശോധനകൾ നടത്തി നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സെക്രട്ടേറിയറ്റ് തല പരിശോധനാ സംഘവും പരാതികളിൻമേൽ അന്വേഷണം നടത്തി വരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡികളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും ഒഴിവാക്കുന്നതിനും പൊതുവിതരണ രംഗത്ത് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North) ന്റെ പരിധിയിലുള്ള 04 റേഷൻ കടകളിൽ നടത്തി. സംസ്ഥാന വ്യാപകമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ